# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം.*352**

**14/07/2015 - ലെ മറുപടിക്ക്**

**പദ്ധതി ചെലവുകൾക്കായി വകയിരുത്തിയ തുക കണ്ടെത്തൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം.ആരീഫ്<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.എ.പ്രദീപ്കുമാർ<br>പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ നാല് വർഷങ്ങളിൽ പദ്ധതി ചെലവുകൾക്കായി വകയിരുത്തിയ തുകകൾ കണ്ടെത്തുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | കഴിഞ്ഞ നാല് വർഷങ്ങളിൽ പദ്ധതി ചെലവുകൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>(തുക കോടിയിൽ)<br>വർഷം / പദ്ധതി അടങ്കൽ തുക / ചെലവഴിച്ച തുക / ശതമാനം<br>2011-12 / 12010 / 11759 / 98 %<br>2012-13 / 14010 / 12573 / 90 %<br>2013-14 / 17000 / 14029 / 83 %<br>2014-15 / 20000 / 14252* / 71 %<br>(* താൽകാലിക കണക്കുകൾ പ്രകാരം)<br>കഴിഞ്ഞ നാല് വർഷങ്ങളിൽ പദ്ധതി ചെലവുകൾക്കായി വകയിരുത്തിയ തുകയുടെ ശരാശരി 83% ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ പദ്ധതി ചെലവുകൾക്കായി വകയിരുത്തിയ തുക കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് അനുമാനിക്കാവുന്നതാണ്. |
| (ബി) പദ്ധതി ചെലവുകൾക്കായി പ്രഖ്യാപിച്ച തുകകൾ കണ്ടെത്താൻ സാധിക്കാത്തതിന്റെ ഫലമായി കഴിഞ്ഞ നാല് വർഷങ്ങളിൽ ഓരോ വർഷവും പ്രഖ്യാപിത പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കാതിരിക്കുകയോ വെട്ടിച്ചുരുക്കുകയോ ഉണ്ടായിട്ടുണ്ടോ; | പദ്ധതി ചെലവുകൾക്കായി പ്രഖ്യാപിച്ച തുകകൾ കണ്ടെത്താൻ സാധിക്കാത്തതു കാരണം പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കാതിരിക്കുകയോ വെട്ടിച്ചുരുക്കുകയോ ഉണ്ടായിട്ടില്ല. |

**Table (തുക കോടിയിൽ):**

| വർഷം | പദ്ധതി അടങ്കൽ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|
| 2011-12 | 12010 | 11759 | 98 % |
| 2012-13 | 14010 | 12573 | 90 % |
| 2013-14 | 17000 | 14029 | 83 % |
| 2014-15 | 20000 | 14252* | 71 % |

| | |
|---|---|
| (സി) പ്രഖ്യാപിത പദ്ധതികൾക്ക് വിഭവ സമാഹരണം കണ്ടെത്താൻ ഓരോ വർഷവും സാധിക്കാതിരിക്കുമ്പോഴും വീണ്ടും പ്രഖ്യാപനങ്ങൾ നടത്തുന്നതിന്റെ കാരണം വ്യക്തമാക്കുമോ? | സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ടും ലഭ്യമാകാൻ സാദ്ധ്യതയുള്ള വരുമാനത്തിൽ നിന്നു കൊണ്ടുമാണ് പദ്ധതികൾ വിഭാവനം ചെയ്യുന്നതും പ്രഖ്യാപിക്കുന്നതും. പ്രഖ്യാപിത പദ്ധതികൾ സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കുന്നതിനും ധനകാര്യ മാനേ ജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായും വിഭവ സംരക്ഷണത്തിനും അധിക വിഭവ സമാഹരണത്തിനും ഉതകുന്ന നടപടികൾ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്. |

*അക്കൗണ്ട്സ് ഓഫീസർ*